**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1701** **20-06-2024 - ൽ മറുപടിയ്ക്ക്**

**വരൾച്ച കാരണം കാർഷിക മേഖലയിലുണ്ടായ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തുണ്ടായ കടുത്ത വരൾച്ച മൂലം കാർഷിക മേഖലയിലുണ്ടായ നഷ്ടം വിശകലനം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. 2024 ഫെബ്രുവരി - മെയ് മാസങ്ങളിൽ ഉണ്ടായ കടുത്ത വരൾച്ച മൂലം കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപകമായ കൃഷി നാശം സംഭവിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തുടനീളം 23021 ഹെക്ടറിൽ പ്രത്യക്ഷമായി കൃഷിനാശം സംഭവിച്ചതായും 257.12 കോടി രൂപയുടെ നഷ്ടം ഉണ്ടായതായും കണക്കാക്കുന്നു. പരോക്ഷമായി 23569 ഹെക്ടറിൽ ഉത്പാദന നഷ്ടം ഉണ്ടാവുകയും 118.69 കോടി രൂപയുടെ നഷ്ടവും കണക്കാക്കുന്നു. ബ്ലോക്ക് തല വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പ്രധാന കാർഷിക ജില്ലകളായ ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെ എല്ലാ ജില്ലകളിലും അതിരൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവും മൂലം പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ മുതലായവയും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടയ്ക്ക, തെങ്ങ് ഉൾപ്പെടെയുള്ള നാണ്യ തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു. ജലസേചന സ്രോതസ്സുകളെല്ലാം വറ്റി വരളുകയും, വിളവെടുക്കാറായ ഫലവർഗങ്ങൾ ഉണങ്ങി ശുഷ്കിച്ച് വില്പനയോഗ്യമല്ലാതാകുകയും ചെയ്തു.<br><br>പ്രധാന വിളകളിൽ നെല്ല് 1854 ഹെക്ടർ, വാഴ 2091 ഹെക്ടർ, കുരുമുളക് 1251 ഹെക്ടർ, തെങ്ങ് 160 ഹെക്ടർ, ഏലം 16229 ഹെക്ടർ, കമുക് 1577 ഹെക്ടർ, കാപ്പി 261 ഹെക്ടർ, ജാതി 303 ഹെക്ടർ, കൊക്കോ 61 ഹെക്ടർ എന്നിവയ്ക്ക് നാശനഷ്ടം സംഭവിച്ചു. ഇടുക്കി മേഖലയിൽ ഏലത്തിനു വ്യാപകമായ നാശനഷ്ടം സംഭവിച്ചു. 15731 ഹെക്ടറിലെ ഏലം കൃഷി |

| | | | |
|---|---|---|---|
| | | | **പൂർണമായും നശിച്ചു പോയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.** |
| (ബി) | ഇക്കാര്യം വിലയിരുത്തുന്നതിനായി പ്രത്യേക സംഘത്തെ നിയോഗിച്ചിരുന്നുവോ; ഓരോ മേഖലയിലും ഉണ്ടായ നാശനഷ്ടത്തിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | നിയോഗിച്ചിരുന്നു. വരൾച്ച കെടുതി നേരിട്ട് പരിശോധിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട കൃഷി ഓഫീസർ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ്, ബ്ലോക്ക് തല കൃഷി വിജ്ഞാന കേന്ദ്രത്തിലെ കാർഷിക സർവ്വകലാശാല പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന വിദഗ്ധ സംഘം രൂപീകരിക്കുകയും സംസ്ഥാനത്തെ മുഴുവൻ ജില്ലയിലെയും വരൾച്ച ബാധിത കൃഷിയിടങ്ങൾ മെയ് 6, 7, 8 തീയതികളിൽ സന്ദർശിച്ചു കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തു. അത് പ്രകാരം ആകെ 46587 ഹെക്ടർ സ്ഥലത്തെ കൃഷി വരൾച്ച മൂലം നശിക്കുകയും 56947 കർഷകരെ ഈ നഷ്ടം പ്രത്യക്ഷമായും പരോക്ഷമായും ബാധിച്ചതായും കണക്കാക്കിയിട്ടുണ്ട്. ആകെ 375.81 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കാർഷിക വായ്പ തിരിച്ചടയ്ക്കാനാകാതെ പ്രയാസമനുഭവിക്കുന്നവരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | കാർഷിക വായ്പ തിരിച്ചടയ്ക്കാനാവാതെ പ്രയാസമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി, വായ്പയുടെ മേൽ ഇളവ് പ്രഖ്യാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ജില്ലയുടെ പേര് | ആകെ വിളനാശം (ഹെക്ടറിൽ) | നഷ്ടം (ലക്ഷത്തിൽ) | കർഷകരുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 233 | 32 | 181 |
| 2 | കൊല്ലം | 125 | 1102 | 2170 |
| 3 | പത്തനംതിട്ട | 839 | 85 | 757 |
| 4 | ആലപ്പുഴ | 805 | 398 | 1331 |
| 5 | കോട്ടയം | 255 | 206 | 711 |
| 6 | ഇടുക്കി | 33722 | 24776 | 29743 |
| 7 | എറണാകുളം | 779 | 392 | 1541 |
| 8 | തൃശ്ശൂർ | 3495 | 2205 | 6713 |
| 9 | പാലക്കാട് | 3234 | 3316 | 4936 |
| 10 | മലപ്പുറം | 664 | 2014 | 1327 |
| 11 | കോഴിക്കോട് | 692 | 1164 | 1501 |
| 12 | കണ്ണൂർ | 1009 | 856 | 1941 |
| 13 | വയനാട് | 288 | 841 | 2863 |
| 14 | കാസർഗോഡ് | 448 | 194 | 1232 |
| | **ആകെ** | **46588** | **37581** | **56947** |

സെക്ഷൻ ഓഫീസർ